Draft #4 of File 41902/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Sep-2020 03:22 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2020 അദ്ധ്യയന വർഷം - സർവ്വകലാശാലയുടെ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 08.09.2020-ൽ ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4029/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.09.2020

---

*പരാമർശം:*-സർവ്വകലാശാലയുടെ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് 8/ 9/ 2020 ചൊവ്വാഴ്ച 3.30 പി.എം ന് ബഹു: വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയുടെ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും 2020-21 അദ്ധ്യയന വർഷത്തെ പി.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് 8/ 9/ 2020 ചൊവ്വാഴ്ച 3.30 പി.എം-ന് ബഹു: വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന മേൽ പരാമർശം യോഗത്തിൽ താഴെ ചേർത്തിരിക്കുന്ന ശിപാർശകൾ കൈക്കൊണ്ടു :

1. അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലും കോവിഡ് -19 മാനദണ്ഡം പാലിച്ച് JEE/NEET അടക്കമുള്ള വിവിധ പരീക്ഷകൾ നടത്തുന്നതിനാൽ സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശനത്തിനായി എൻട്രൻസ് പരീക്ഷാ ഒഴിവാക്കി പ്രവേശനം യോഗ്യതാ പരീക്ഷയുടെ മാർക്കിൻറെ മാനദണ്ഡത്തിൽ നടത്തുവാൻ 3517/ACB7/2020/എം.ജി.യൂ തീയതി 01.08.2020 ഉത്തരവ് പ്രകാരം എടുത്തിട്ടുള്ള തീരുമാനം റദ്ദ് ചെയ്യുവാനും പ്രവേശനം 17/02/2020 ലെ വിജ്ഞാപനത്തിലും പ്രോസ്പെക്ടസിലും പറഞ്ഞിരിക്കുന്ന പ്രകാരം എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ നടത്തുവാനും ശിപാർശ ചെയ്തു. ഇതിൻ പ്രകാരം നമ്പർ 35278/ACB7-3/2020 തീയതി 23.08.2020 പ്രകാരമുള്ള വിജ്ഞാപനത്തിൽ സർവ്വകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ പി.ജി പ്രോഗ്രാമുകളുടെ സീറ്റ് എണ്ണം വർധിപ്പിക്കുന്ന ഭേദഗതി ഒഴികെയുള്ളവ റദ്ദ് ചെയ്യുന്നതിനും ശിപാർശ ചെയ്തു.

2. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി. ജി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രവേശനത്തിനായുള്ള പൊതു പ്രവേശന പരീക്ഷ ഒക്ടോബർ ആദ്യ വാരം അനുയോജ്യമായ തീയതിയിൽ എല്ലാ വിധ കോവിഡ് മാനദണ്ഡങ്ങളും പാലിച്ച് നടത്തുവാൻ ശിപാർശ ചെയ്തു.

3. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി. ജി പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുവാനുള്ള സമയ പരിധി സെപ്റ്റംബർ 15 ചൊവ്വാഴ്ച 04.00 പി.എം. വരെയാക്കുവാൻ ശിപാർശ ചെയ്തു.

4. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേക്കുള്ള പി. ജി പ്രവേശനം യോഗ്യതാ പരീക്ഷയുടെ മാർക്കിൻറെ മാനദണ്ഡത്തിൽ നടത്തുവാൻ അതാത് പഠന വകുപ്പുകളെയും ഇൻറ്റർ സ്കൂൾ സെൻറ്ററിനെയും ചുമതലപ്പെടുത്താൻ ശിപാർശ ചെയ്തു.

5. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി. ജി പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയ്ക്ക് പുതിയതായി കണ്ണൂരിൽ പരീക്ഷാ കേന്ദ്രം ഏർപ്പെടുത്താൻ ശിപാർശ ചെയ്തു. ആവശ്യമെങ്കിൽ കോട്ടയം, എറണാകുളം എന്നിവിടങ്ങളിൽ ഒന്നിലധികം പരീക്ഷാ കേന്ദ്രങ്ങൾ ഏർപ്പെടുത്തുവാനും ശിപാർശ ചെയ്തു

മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു..

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(2 ) രജിസ്ട്രാറുടെയും , പരീക്ഷാ കൺട്രോളറുടെയും പി.എ
മാർക്ക്

Draft #4 of File 41902/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Sep-2020 03:22 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(3 ) എല്ലാ പഠന വകുപ്പ് മേധാവി മാർക്കും / ഇന്റർ സ്കൂൾ സെന്റർ ഡയറക്ടർക്കും

(4 )CAT മോണിറ്ററിംഗ് സമിതി അംഗങ്ങൾക്ക്

(5 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(6 ) എ.ആർ 4 (അക്കാദമിക് ) / AR XXII( പരീക്ഷ )

(7 ) CITAD സെക്ഷൻ

(8 ) പി.ആർ.ഒ, കണ്ടൻറ് മാനേജ്‌മെൻറ് സെക്ഷൻ

Draft #4 of File 41902/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Sep-2020 03:22 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം